**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1412** **18-01-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും നവീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് പുതിയ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനും തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിൽപ്പെട്ട വെളിയന്നൂർ, ഇലയ്ക്കാട് എന്നീ വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന തെരഞ്ഞെടുത്തിട്ടുള്ളതാണ്. ഞീഴൂർ വില്ലേജാഫീസിന് അധികമുറി നിർമ്മാണത്തിനും, മുളക്കുളം, ഞീഴൂർ എന്നീ വില്ലേജാഫീസുകൾക്ക് അറ്റകുറ്റപ്പണി ചെയ്യുന്നതിനും പ്ലാൻ സ്കീം മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് ഡി.പി. ആർ ഉം എസ്റ്റിമേറ്റും തയ്യാറായിട്ടുള്ളത്; ഇനി ഏതിനെല്ലാം ഡി.പി. ആർ ലഭിക്കാനുണ്ട്; ഇവയ്ക്കെല്ലാം അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇവയുടെ പണി എന്നത്തേക്ക് തീർക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ? | (ബി) | വെളിയന്നൂർ, ഇലയ്ക്കാട് എന്നീ വില്ലേജുകളിൽ സ്മാർട്ട് വില്ലേജാഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആറും, എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ടി നിർമ്മാണ പ്രവർത്തികളുടെ ഡി.പി.ആറുകൾ അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ